**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1683** **19-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് ഫീസിളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ സർക്കാർ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് ഫീസിളവ് നൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്നും ആയതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ തീറായി വാങ്ങുന്ന ഭൂമിയുടെയും, സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവരുടെ പേർക്ക് സ്വകാര്യവ്യക്തികൾ ദാനമായി നൽകുന്ന ഭൂമിയുടേയും രജിസ്ട്രേഷന് മുദ്രവിലയും, രജിസ്ട്രേഷൻ ഫീസും യഥാക്രമം S.R.O.No.84/2020, S.R.O.No.86/2020, ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 30.01.2020 തീയതിയിലെ G.O(P)No.09/2020/TD, GO(P)No.10/2020/TD എന്നിവ പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്.<br><br>ലൈഫ് മിഷൻ പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് യഥാക്രമം S.R.O.No.568/2020, S.R.O.No.569/2020 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 08.09.2020 തീയതിയിലെ G.O.(P)No.113/2020/TD, G.O. (P)No.114/2020/TD എന്നിവ പ്രകാരം മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിച്ചുകൊണ്ട് പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ടി ഉത്തരവുകൾ പ്രകാരമുള്ള ഇളവ് ലഭ്യമാകുന്നതിനായി ആയത് ബന്ധപ്പെട്ട ആധാരത്തിൽ ചേർത്ത് രജിസ്ട്രേഷനായി ഹാജരാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ